# പറശ്ശിനിക്കടവ്: നടപടി ഉണ്ടാവുമോ?

**വിനോദ്കുമാർ ദാമോദർ**

കണ്ണൂർ : പറശ്ശിനികടവിലെ മൃഗപീഡനം നടന്ന് നാളേറെ ആയെങ്കിലും അതിനുത്തരവാദികളായവർക്കെതിരെ യാതൊരു നടപടികളും ഉണ്ടായിട്ടില്ല. കോടതി നിർദ്ദേശമുള്ളതിനാൽ മൃഗങ്ങൾക്ക് ആഹാരം നൽകിവരുന്നുണ്ട്. പക്ഷെ മൃഗങ്ങളുടെ ആരോഗ്യനില തൃപ്തികരമല്ല.

അംഗീകാരമില്ലാതെ പ്രവർത്തിപ്പിക്കുന്ന 'കാഴ്ചബംഗ്ലാവു'കളെ തടയാൻ അധികാരമുള്ള കേന്ദ്രമൃഗശാല അതോറിറ്റി നിർദ്ദേശിച്ചതനുസരിച്ചാണ് സ്നേക്ക് പാർക്കിലെ സംഭവങ്ങൾ അരങ്ങേറിയതെന്ന സംസ്ഥാന സർക്കാർ പറയുന്നത് ശരിയോ എന്നറിയാൻ അതോറിറ്റിയുടെ കൗൺസിലിനോട് നേരിട്ട് ഹാജരാവാൻ ഹൈക്കോടതി നിർദ്ദേശിച്ചിരിക്കയാണ്.

പക്ഷെ, അനധികൃതമൃഗശാലകളിലെ മൃഗങ്ങളെ നീക്കം ചെയ്യുന്നത് മൃഗങ്ങൾക്ക് ഒട്ടും പരുക്കേൽക്കാത്ത രീതിയിലായിരിക്കണമെന്ന് മൃഗശാല അതോറിറ്റി കൃത്യമായി അനുശാസിക്കുന്നുണ്ട്. സ്നേക്ക് പാർക്ക് പൂട്ടാൻ അതോറിറ്റി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ തന്നെ അതിങ്ങനെ ചെയ്യുതിന് ന്യായീകരണമാവില്ലല്ലോ. 7 വർഷം വരെ കഠിനതടവുലഭിക്കാവുന്ന കുറ്റമാണ് ഉത്തരവാദപ്പെട്ടവർ ചെയ്തിരിക്കുന്നത്.

മൃഗശാലാ അതോറിറ്റിയുടെ നിബന്ധനകളനുസരിച്ച്, ഇങ്ങനെ നീക്കം ചെയ്യപ്പെടുന്ന മൃഗങ്ങളെ തൊട്ടടുത്ത മൃഗശാലയിലേക്കാണ് മാറ്റിപ്പാർപ്പിക്കേണ്ടത്. പറശ്ശിനിക്കടവിന്റെ തൊട്ടടുത്ത കാഴ്ചബംഗ്ലാവ് തൃശ്ശൂരാണ്. അവിടമാകട്ടെ അത്യാവശ്യ സൗകര്യങ്ങളില്ലാത്തതിനാൽ കാഴ്ചബംഗ്ലാവായി പ്രവർത്തിക്കാനുള്ള അനുമതി നഷ്ടപ്പെടുമെന്ന അവസ്ഥയിലാണ്. അങ്ങോട്ട് കുറേകൂടി മൃഗങ്ങളെ മാറ്റിയാൽ കുനിന്മേൽ കുരുവാകും ഫലം.

പറശ്ശിനിക്കടവ് മൃഗപീഡനം നടന്ന് ദിവസങ്ങൾക്കകം നടന്ന സംസ്ഥാന വൈൽഡ് ലൈഫ് അഡ്വൈസറി ബോർഡ് യോഗത്തിൽ വനം വകുപ്പ് അറിയിച്ചത് കുറ്റവാളികൾക്കെതിരെ സംസ്ഥാന സെക്രട്ടറിയുടെ നേതൃത്വത്തിൽ അന്വേഷണം നടത്തി നടപടിയെടുക്കുമെന്നാണ്. അന്വേഷണം നടന്നുവോ? നടപടി എന്തായി? കുറ്റവാളികളെ രക്ഷിക്കാനുള്ള തത്രപ്പാടിലാണ് ഉദ്യോഗസ്ഥവൃന്ദവും രാഷ്ട്രീയക്കാരും.

വന്യമൃഗങ്ങളെ സംരക്ഷിക്കേണ്ട ചുമതലയുള്ള ഉദ്യോഗസ്ഥർ തന്നെ ചെയ്ത കൊടും ക്രൂരത എന്ന നിലയിൽ ഈ സംഭവം മാതൃകാപരമായ ശിക്ഷണനടപടികൾ നൽകേണ്ട ഒന്നാണ്. അല്ലെങ്കിൽ, ഇതൊരു തുടർക്കഥയാകും.